# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളും വിശദമായ നഗര പ്ലാനുകളും

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2949** **22.2.16- ൽ മറുപടി നൽ കേണ്ടത്.**

| | ചോദ്യം<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവുംന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ ഗവൺ മെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളും വിശദമായ നഗര പ്ലാനുകളും തയ്യാറാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്; | (എ) | നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2008-2009 മുതൽ സ്കീം ഫോർ പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാൻസ് എന്ന സ്കീം ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ആസൂത്രിത വികസനം സാധ്യമാകുക എന്നതാണ് ടി സ്കീമിന്റെ ഉദ്ദേശ്യ ലക്ഷ്യം. നഗരസഭകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ ആദ്യ ഘട്ടത്തിന് G.O(Rt) No.3982/2008/LSGD dated:13/11/2008 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. തുടർന്ന് G.O(Rt) No.2766/2009/LSGD dated:24/10/2009, G.O(Rt) No.2767/2009/LSGD dated:24/10/2009 എന്നീ ഉത്തരവുകൾ മുഖാന്തിരം മേൽ സ്കീമിന് ആവശ്യമായ വിശദ മാർഗ്ഗ രേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സ്കീമിന്റെ രണ്ടാം ഘട്ടത്തിനായി G.O(Rt) No.1376/2012/LSGD dated: 17/05/2012, G.O(Rt) No.2664/2012/LSGD dated:24/09/2012 എന്നീ ഉത്തരവുകൾ |

| | | | |
|---|---|---|---|
| | | | പ്രകാരവും മൂന്നാം ഘട്ടത്തിന് G.O(Rt) No.2955/2015/LSGD dated:20/09/2015 പ്രകാരവും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലക്ഷ്യം മുൻനിർത്തി ആദ്യഘട്ടമായി തെരഞ്ഞെടുത്ത നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി വിജയകരമായി പൂർത്തീകരിച്ചുവോ; വ്യക്തമാക്കുമോ; | (ബി) | പദ്ധതിയുടെ ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ തീരുമാനിക്കുകയും ഇതിനകം 30 കരട് മാസ്റ്റർ പ്ലാനുകൾ പൂർത്തീകരിക്കുകയും ചെയ്തു. ഇവയിൽ 5 മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 12 മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ബാക്കി മാസ്റ്റർ പ്ലാനുകളുടെ കാര്യത്തിൽ പ്രസിദ്ധീകരണത്തിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. മറ്റ് രണ്ട് പ്ലാനുകളുടെയും കരട് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് അവശേഷിക്കുന്ന നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളും മുൻഗണനാക്രമത്തിൽ നിശ്ചയിച്ചിട്ടുള്ള നഗരങ്ങളുടെ വിശദമായ നഗര പ്ലാനുകളും തയ്യാറാക്കുന്ന നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്നതിനുള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 31 പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരുന്നു. ഇവയിൽ 11 പട്ടണങ്ങളുടെ കരട് മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾക്കായി അതത് നഗരസഭകളുടെ പരിഗണനയിലാണ്. മറ്റ് 20 പട്ടണങ്ങളുടെ പ്ലാനുകൾ തയ്യാറാക്കി വരികയാണ്. സർക്കാരിന്റെ 03-09-2015 തീയതിയിലെ ജി.ഒ.(ആർ.റ്റി) നം.2679/2015/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ അനുമതി നൽകിയിട്ടുണ്ട്. പ്ലാനുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ